വീതവും വിദ്യാർത്ഥികൾ നൽകണം. നാല് എഞ്ചിനീയറിംഗ് കോളേജുകളിലും എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ട്. കൊച്ചി സർവകലാശാലയുടെ എഞ്ചിനീയറിംഗ് കോളേജ് ഒഴികെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്.

ഐ.എച്ച്.ആർ.ഡി.യുടെ അപ്ലൈഡ് സയൻസ് കോളേജുകളിൽ സെമസ്റ്ററിന് 7500/-രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)യും കോഷൻ ഡിപ്പോസിറ്റായി 5000/- രൂപ(അയ്യായിരം രൂപ) വാങ്ങുന്നു. യോഗ്യതാ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. കൊല്ലത്തെ സ്വാശ്രയ ട്രെയിനിംഗ് കോളേജിൽ പ്രതിവർഷം 10,000/-രൂപയാണ് ഫീസ്.

25 (*111) എസ്.സി. ഇ.ആർ.ടി. സ്കൂൾ പാഠ്യപദ്ധതിക്ക് സമീപന രേഖ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.റ്റി. സ്കൂൾ പാഠ്യപദ്ധതിക്ക് ഒരു സമീപന രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ സവിശേഷതകൾ എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സമീപന രേഖ പൊതു ചർച്ചയ്ക്ക് വിധേയമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഒരു കരട് സമീപനരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രീപ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ മുന്നോടിയായാണ് എസ്.സി. ഇ.ആർ.റ്റി. കരട് വിദ്യാഭ്യാസ സമീപന രേഖ തയ്യാറാക്കിയിട്ടുള്ളത്. കരിക്കുലവുമായി ബന്ധപ്പെടുത്തി സിലബസ്, ബോധന സമ്പ്രദായം, മൂല്യനിർണ്ണയം തുടങ്ങിയവയിലെല്ലാം എപ്രകാരമുള്ള മാറ്റമാണ് അഭികാമ്യമെന്ന് പ്രസ്തുത കരട് രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ കരിക്കുലത്തിലെ പ്രധാന ഘടകങ്ങളും, കേരളത്തിന്റെ സവിശേഷതകളും എങ്ങനെ വിദ്യാഭ്യാസ പ്രക്രിയയിൽ, ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തണമെന്നതിനെ കുറിച്ച് ഒരു മാർഗ്ഗനിർദ്ദേശമാണ് സമീപന രേഖകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത രേഖയിൽ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

1. പാഠ്യപദ്ധതി വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാക്കുക.

2. 'എന്തു പഠിക്കുന്നു' എന്നതിനോടൊപ്പം 'എങ്ങനെ പഠിക്കുന്നു' എന്നതിനു കൂടി ഊന്നൽ നൽകുക.

1018/2010.

LIBRARY ARCHIVES Kerala Legislative Assembly

3. വിവരങ്ങൾ അറിയുക, ഗ്രഹിക്കുക എന്നതിനെക്കാളുപരി ശേഷികൾ നേടുന്നതിന് ഊന്നൽ നൽകുക.

4. പഠനം ആനന്ദകരമായ ഒരു അനുഭവമാക്കി മാറ്റാനുള്ള പഠന ബോധന രീതികൾ ഉപയോഗിക്കുക.

5. വിലയിരുത്തൽ പ്രക്രിയക്ക് സമഗ്രവും തുടർച്ചയുമായ മൂല്യ നിർണ്ണയം നടപ്പിലാക്കുക.

6. ദേശീയ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ചട്ടക്കൂട്ടിൽ താഴെ പറയുന്ന ഘടകങ്ങൾക്ക് പരിഗണന നൽകുക.

(എ) മനുഷ്യ വിഭവ വികസനം.

(ബി) പൊതു വിദ്യാഭ്യാസ ഘടന.

(സി) അവശ്യ പഠന പ്രാപ്തികൾ.

(ഡി) ഉള്ളടക്കത്തിലും പഠനാനുഭവങ്ങളിലുമുള്ള നയ സമീപനം.

(ഇ) പരീക്ഷ രീതി പരിഷ്കരണം.

7. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കന്ററി ഘട്ടം വരെ വിവിധ ഘട്ടങ്ങളിൽ പഠിതാവിന്റെ കഴിവുകൾ ഏവ? പരിമിതികൾ എന്തൊക്കെ? പഠനോദ്ദേശ്യങ്ങൾ ഏവ? എന്തെല്ലാം പഠനത്തിനാണ് അവസരം ഒരുക്കേണ്ടത്? പഠന രീതി എപ്രകാരമാകണം? ഈ പഠന രീതിയിൽ അധ്യാപികയുടെ പങ്ക് എപ്രകാരം? മൂല്യനിർണ്ണയം എപ്രകാരം? തുടങ്ങിയ കാര്യങ്ങൾ രേഖയിൽ പ്രതിപാദിച്ചിരിക്കുന്നു.

(സി) സമീപന രേഖ പൊതു ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

26 (*112) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗങ്ങൾക്കുള്ള വരുമാന പരിധി

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. സുധാകരൻ :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗങ്ങൾക്കുള്ള വരുമാന പരിധി എത്രയാണെന്ന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവേശന പരീക്ഷയ്ക്കുള്ള പ്രോസ്പെക്റ്റസിൽ വരുമാനങ്ങളെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ;

(സി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവും പ്രോസ്പെക്ടസിലെ ഇതു സംബന്ധിച്ച വിവരവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഗവൺമെന്റ് ഉത്തരവിൽ നിന്ന് വ്യത്യസ്തമായി പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 9

16.12.99-ലെ നക്ഷത്രചിഹ്നമിടാത്ത 16 (430)-ാം നമ്പർ ചോദ്യം കാണുക

(എ) ഫി. വകുപ്പു മുഖേന നടപ്പിലാക്കുന്ന പ്രധാന സഹായ പദ്ധതികൾ

1. മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ സമ്പാദ്യ ആശ്വാസ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ പുനരാരംഭിച്ചു.

2. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അനുകൂല്യങ്ങളുടെ വിതരണത്തിന് ഏക ജാലക സമ്പ്രദായം നടപ്പിലാക്കുന്നതിനും വേണ്ടി മത്സ്യ ഭവനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

3. അംഗീകൃത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിവരുന്നു.

4. പത്താം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഭവനം, കുടിവെള്ളം, റോഡുകൾ എന്നിവ നിർമ്മിച്ചുവരുന്നു.

5. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടുകൂടി 35,000 രൂപ പൂർണ്ണ ഗ്രാന്റായി ഭവന നിർമ്മാണത്തിനു നൽകിവരുന്നു.

6. തീരജ്യോതി പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിച്ചുവരുന്നു.

7. മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ റോഡുകൾ, ആശുപത്രികൾ, സഞ്ചരിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ, ഗൈഡ് ലൈറ്റുകൾ എന്നിവ ഏർപ്പെടുത്തുന്നതിനായി തീരദേശ സാമൂഹ്യ സൗകര്യങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

8. പഞ്ച മാസങ്ങളിൽ തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലവസരങ്ങൾ ഒരുക്കുവാൻ മത്സ്യത്തൊഴിലാളി യുവാക്കളെ പരിശീലിപ്പിക്കുക എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

9. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും കടൽ രക്ഷാ നിയമം ശക്തിപ്പെടുത്തുന്നതിനുമായി വിഴിഞ്ഞം, കൊല്ലം, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

10. മത്സ്യ വിപണനത്തിനുള്ള സഹായവും മത്സ്യ വിപണന സൗത്തുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു.

11. ലംപ്സംഗ്രാന്റ് പോക്കറ്റ്മണി തുടങ്ങിയവ ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചു.

12. മത്സ്യ സംസ്ക്കരണ വിപണന മേഖലകളിൽ പണിയെടുക്കുന്ന 2 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി.

13. പഞ്ച മാസങ്ങളിൽ തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മേഖലകളായ ആശാരിപ്പണി കൽപ്പണി എന്നിവയിൽ പ്രാവീണ്യം നൽകുന്നതിനായി പരിശീലനം പരിപാടി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

14. മത്സ്യ വിപണനത്തിനുള്ള സഹായം മത്സ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു.

(ബി) മത്സ്യ ഫെഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. പദ്ധതികൾ

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (NCDC) ധന സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

എ. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 615.35 ലക്ഷം രൂപ അടങ്കൽ തുകയുള്ള (NCDC) III -ാം ഘട്ട പദ്ധതി 96-97 വർഷത്തിൽ നടപ്പിലാക്കി.

ബി. 1998-99 വർഷത്തിൽ NCDC അനുവദിച്ച 1975.25 ലക്ഷം രൂപ അടങ്കൽ തുകയുള്ള എൻ.സി.ഡി.സി. നാലാം ഘട്ടം പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യവിപണനം നടത്തുന്നതിനുമുള്ള ബൂത്തുകൾ, ആട്ടോറിക്ഷകൾ, മോപ്പഡുകൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം ടി. പദ്ധതിവഴി നൽകുന്നുണ്ട്.

സി. 1999-2000 വർഷത്തിൽ NCDC അനുവദിച്ച 1690 ലക്ഷം രൂപ അടങ്കൽ തുകയുള്ള NCDC അഞ്ചാം ഘട്ട പദ്ധതി 99-2000 വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

ഡി. 100 മത്സ്യവിപണന സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടി അനുവദിച്ച 339 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി (NCDC) 1999-2000 വർഷത്തിൽ നടപ്പിലാക്കുന്നതാണ്.

2. സംയോജിത ഉൾനാടൻ മത്സ്യവികസന പദ്ധതി

ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി NCDC യുടെ ധനസഹായത്തോടെ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്ന 63.637 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 7 ജില്ലകളിലുള്ള തിരഞ്ഞെടുത്ത 74 സംഘങ്ങൾവഴി നടപ്പിലാക്കിവരുന്നു.

3. അനുയോജ്യമായ വല വാങ്ങാൻ പദ്ധതി

വിവിധ തരത്തിലുള്ള മത്സ്യബന്ധനം നടത്തുന്നതിന് അനുയോജ്യമായ വല വാങ്ങുന്നതിന് 10 കുതിരശക്തിയ്ക്ക് താഴെയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് ഏറ്റവും അനുയോജ്യമായ വല വാങ്ങുമ്പോൾ ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 6000 രൂപ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

4. ബാങ്കിൽ സ്കീം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ലോൺ ലഭ്യമാക്കുന്നതിനുവേണ്ടി ബാങ്ക് അനുവദിക്കുന്ന ലോണിന്റെ 25% സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

5. പരമ്പരാഗത വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്ന പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളിൽ ഉപയോഗിക്കുന്ന 10 കുതിരശക്തിക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് ഒ.ബി.എം.ന്റെ വിലയുടെ 50% മോ, 10000 രൂപയോ ഏതാണ് കുറവ്, ആ തുക സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

6. നവീന രീതിയിലുള്ള മത്സ്യബന്ധന യാനങ്ങൾ

ഫൈബർ ഗ്ലാസ്, മെറ്റൽ പ്ലൈവുഡ്, അലുമിനിയം തുടങ്ങിയ വസ്തുക്കൾകൊണ്ട് നിർമ്മിച്ച പുതിയ ഇനം വള്ളങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് സ്വീകാര്യമായതിനാൽ അവ വ്യാപകമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. വള്ളത്തിന്റെ വിലയുടെ 25% കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി സമാഹരിച്ച സബ്സിഡിയായി നൽകുന്നു.

7. എൽ.ബി.സി.എഫ്.ഡി.സി. പദ്ധതികൾ

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടുകൂടി ഇനി പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. തഴപ്പായ് നിർമ്മാണ യൂണിറ്റുകൾ, കോൾഡ് സ്റ്റോറുകൾ, മത്സ്യ അച്ചാറു യൂണിറ്റുകൾ, മത്സ്യകച്ചവട യൂണിറ്റുകൾ, 95 ആട്ടോറിക്ഷ യൂണിറ്റുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം വഴി എൻ.ബി.സി.എഫ്.ഡി.സി. ചാനലൈസിംഗ് ഏജൻസിയായ മത്സ്യഫെഡുവഴി വിതരണം ചെയ്തിട്ടുണ്ട്.

8. എൻ.എം.ഡി.എഫ്.സി. പദ്ധതികൾ

ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മത്സ്യബന്ധന ബോട്ട് റിപ്പയറിംഗ് യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ഫോട്ടോകോപ്പിയർ, കട്ടമരം, സിമെന്റ് യൂണിറ്റ് ഒ.ബി.എം. റിപ്പയറിംഗ് യൂണിറ്റ്, പബ്ലിക് ടെലിഫോൺ ബൂത്ത്, എം.പി.സി. മത്സ്യബന്ധന യൂണിറ്റ്, ഓട്ടോറിക്ഷ, ചെറുകിട വ്യവസായം തുടങ്ങുന്നതിനുള്ള, ലോൺ എന്നീ പദ്ധതികൾ എൻ.എം.ഡി.എഫ്.സി. യുടെ ചാനലൈസിംഗ് ഏജൻസിയായ മത്സ്യഫെഡുവഴി നടപ്പിലാക്കുന്നുണ്ട്.

9. രാഷ്ട്രീയ മഹിളാകോഷ് പദ്ധതി

രാഷ്ട്രീയ മഹിളാകോഷ് എന്ന കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സ്ഥാപനംവഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിനും മറ്റു സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ വായ്പകൾ നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

10. മത്സ്യ വിപണന സ്റ്റാൾ

സ്വയം തൊഴിൽ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ തൊഴിൽ രഹിതർക്ക് വേണ്ടി മത്സ്യഫെഡുവഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. 97-98 ൽ സംസ്ഥാന ബഡ്ജറ്റിൽ ഒരു സ്റ്റാളിന് 1.2 ലക്ഷം രൂപ പ്രകാരം 12 ലക്ഷം രൂപവരെ വക കൊള്ളിച്ചിട്ടുണ്ടായിരുന്നു. പദ്ധതി അനുസരിച്ച് തിരുവനന്തപുരം നഗരത്തിലെ വിവിധ ഭാഗങ്ങളിൽ 10 സ്റ്റാളുകൾ സ്ഥാപിച്ചിട്ടുണ്ട്.

11. വനിതാ ബസ്സ് സർവ്വീസ്

മത്സ്യ വിപണനത്തിന് ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സൗകര്യപ്രദവും ചിലവു കുറഞ്ഞതുമായ ഗതാഗത സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതിയാണ് വനിതാ ബസ് സർവ്വീസ്. ആകെ 11 ബസ് സർവ്വീസുകൾ തിരുവനന്തപുരം, എറണാകുളം, കാസർഗോഡ്, എന്നീ ജില്ലകളിൽ പ്രവർത്തനം നടത്തുന്നുണ്ട്. ടി. ക്ഷേമ പ്രവർത്തനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

1997-98 മുതൽ വനിതാ ബസ്സുകളെ വാഹന നികുതിയിൽനിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

12. ഭവന നിർമ്മാണ പദ്ധതിയും ശുചിത്വ പരിപാലന പദ്ധതിയും

ഹഡ്കോയുടെ ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പിലാക്കുന്ന ഭവന നിർമ്മാണം നാലാം ഘട്ടപദ്ധതി പ്രകാരം 1994 മുതൽ 27750 വീടുകളുള്ള ധനസഹായം നൽകി വീടുകൾ പൂർത്തിയായിക്കഴിഞ്ഞു. ആകെ 3450 വീടുകൾക്കാണ് ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചത്. വീടൊന്നിന് 12500 രൂപ വായ്പയും 1500 രൂപ ഗവൺമെന്റ് സബ്സിഡിയായും നൽകിവരുന്ന ഈ പദ്ധതികൾ മത്സ്യത്തൊഴിലാളി ഗുണഭോക്താവിന്റെ വിഹിതം 1000 രൂപയാണ്. 15000 രൂപ അടങ്കൽ തുക വരുന്ന 2750 വീടുകൾ മത്സ്യഫെഡ് പൂർത്തിയാക്കിയിട്ടുണ്ട്. 1997-98 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി.

13. അലങ്കാര മത്സ്യകൃഷി പദ്ധതി

സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷി വികസനത്തിനും തദ്വാര മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയംതൊഴിലവസരം സൃഷ്ടിക്കുന്നതിനും ഉതകുന്ന 48.5 ലക്ഷം രൂപ, 102.5 ലക്ഷം രൂപ അടങ്കൽ തുകയായുള്ള പ്രോജക്ടുകൾ സംസ്ഥാന സർക്കാർ മുഖാന്തിരം യഥാക്രമം ഐ.സി.എ.ആർ. ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് മന്ത്രാലയം എന്നിവർക്ക് സമർപ്പിച്ചതിനു 48.5 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചു വന്നിട്ടുണ്ട്. ടി പദ്ധതിയും ഇനി അംഗീകരിച്ചു കിട്ടാനുള്ള പദ്ധതി അംഗീകരിക്കുന്ന മുറയ്ക്കും ഉടനെ നടപ്പിലാക്കുന്നതാണ്.

14. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം

പ്രതികൂല സാഹചര്യങ്ങളിൽ കടലിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുവേണ്ടി പ്രതിവർഷം 15 രൂപ പ്രീമിയം അടയ്ക്കുന്നവർക്ക് അവർ മരണപ്പെട്ടാൽ അവന്റെ ആശ്രിതർക്ക് 150000 രൂപാ വരെ ലഭിക്കുന്ന പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന പ്രാഥമിക സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 50000 രൂപ ഇൻഷ്വറൻസ് കവർ നൽകുന്നുണ്ട്.

15. മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ്

മൽസ്യത്തൊഴിലാളികൾക്ക് വായ്പയായി നൽകുന്ന മൽസ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി 1998-99 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടംമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് - 1,00,000/- രൂപ

മത്സ്യബന്ധനത്തിനിടെ കാണാതായവരുടെ ആശ്രിതർക്ക് - 1,00,000/- രൂപ

അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് - 1,00,000/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരവും ഭാഗീകവുമായ അവശത അനുഭവിക്കുന്നവർക്ക് - 50,000/- രൂപ

അപകടംമൂലം ആശുപത്രിയിൽ ചികിത്സ ആവശ്യമായി വരുന്നവർക്ക് - 1,000/- രൂപ

2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയില്ലാതെ വരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ആശ്രിതർക്ക് 20,000/- രൂപ

3. പെൺ മക്കളുടെ വിവാഹത്തിന് 15000 രൂപ ധനസഹായം

4. വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 100/- രൂപ

5. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് 300/- രൂപ

6. അപകടം മൂലമുള്ള താൽക്കാലിക അവസ്ഥയ്ക്ക് പരമാവധി 500 രൂപ ധനസഹായം

7. 60 വയസ്സിൽ താഴെയുള്ള പ്രവർത്തൻമുഖ മത്സ്യതൊഴിലാളി ഏതു സാഹചര്യത്തിൽ മരണമടഞ്ഞാലും ആശ്രിതർക്ക് 5000/-രൂപ ധനസഹായം

8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡും തുടർ വിദ്യാഭ്യാസത്തിന് ധനസഹായവും

9. കുടുംബ സംവിധാന പദ്ധതിപ്രകാരം 500/- രൂപ

10. മാരകരോഗ ചികിത്സാപദ്ധതി പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, എന്നിവയുടെ ചികിത്സയ്ക്ക് 40,000/- രൂപയും തളർവാതത്തിന് 12,000/- രൂപയും മാനസികാരോഗ്യത്തിന് 5000/- രൂപയും പരമാവധി ധനസഹായം.

11. അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതികൾ, തീപിടുത്തം, എന്നിവമൂലം നഷ്ടം സംഭവിക്കുമ്പോൾ 2500/- രൂപ അടിയന്തിര സഹായം.

12. കേന്ദ്രജ്യോതി പദ്ധതി.

13. ബോർഡിന്റെ പ്രത്യേക ധനസഹായം

14. പ്രസവ ശുശ്രൂഷയ്ക്കുള്ള സഹായപദ്ധതി

15. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി പ്രകാരം ക്യാഷ് അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും.

16. മത്സ്യതൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതിപ്രകാരം ഗൈഡുകളെ നിയോഗിക്കൽ

17. മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം.

18. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്കുള്ള പുരസ്ക്കാരം അനുസരിച്ച് 10,001/- രൂപയും പൊന്നാടയും (3 പേർക്ക്)

19. മത്സ്യബന്ധനേതര മേഖലകളിൽ പണിയെടുക്കുന്ന മത്സ്യബന്ധത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ പ്രകാരം അപകടംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് 1,00,000/- രൂപ

സ്ഥിരവും ഭാഗീകവുമായ അവശത അനുഭവിക്കുന്നവർക്കുവേണ്ടി - 50,000/- രൂപ

അപകടംമൂലം ആശുപത്രി ചികിത്സ ആവശ്യമായി വരുന്നവർക്ക് - 1,000/- രൂപ

വാർദ്ധക്യകാല പെൻഷൻ പ്രതിമാസം - 75/- രൂപ

രോഗ ചികിത്സയ്ക്കായി പ്രതിവർഷം പരമാവധി - 300/- രൂപ

അനുബന്ധം 10

16.12.1999 ലെ നക്ഷത്രചിഹ്നമിടാത്ത 29 (443)-ാം നമ്പർ ചോദ്യം കാണുക

അനുബന്ധം

1.6.1999 മുതൽ കലാകാര പെൻഷന് തെരഞ്ഞെടുക്കപ്പെട്ടവർ

സർവ്വശ്രീ.

1. ആർ. തങ്കരാജ്
2. എൻ. ശിവദാസൻ
3. ടി.എൻ. ശ്രീകണ്ഠൻ നായർ
4. ടി. ജഗദീശൻ ആശാരി
5. പി. തങ്കപ്പൻപിള്ള
6. എൻ. രഘുനാഥൻ
7. പി. ഗോപാലൻ
8. കെ. ചെല്ലപ്പൻ ആചാരി
9. കെ. തങ്കപ്പൻ പിള്ള
10. ആർ. നടേശൻ നായർ
11. കുട്ടൻ പിള്ള
12. ജെ. വിശ്വനാഥൻ
13. എൻ. മാധവൻ
14. എം. തങ്കപ്പൻ
15. എം. മുഹമ്മദ് അബ്ദുൽ ഇലാഹ്
16. മുത്താന ആഹ (ഗുരുവരുൾ)
17. കെ. രഘുവരൻ
18. എസ്. മാധവൻ
19. ടി.വി. നന്ദകുമാരൻ പിള്ള
20. സി. ദിവാകരൻ
21. ചങ്ങനാശ്ശേരി രാജൻ

LIBRARY ARCHIVES Kerala Legislative Assembly